## 147

1 എന്നുള്ളമേ സ്തുതിക്ക നീ പരനെ തൻ
നന്മകൾക്കായ് സ്തുതിക്കാം സ്തുതിക്കാം
എന്നന്തരംഗമേ അനുദിനവും നന്ദിയോടെ പാടിപ്പുകഴ്ത്താം

2 സുരലോകസുഖം വെടിഞ്ഞു നിന്നെ
തേടി വന്ന ഇടയൻ, തന്റെ ദേഹമെന്ന തിരശ്ശീല ചീന്തി തവ
മോക്ഷമാർഗ്ഗം തുറന്നു

3 പാപരോഗത്താൽ നീ വലഞ്ഞു തെല്ലും ആശയില്ലാതലഞ്ഞു
പാരം കേണിടുമ്പോൾ തിരുമേനിയതിൽ
നിന്റെ പാപമെല്ലാം ചുമന്നു

4 പല ശോധനകൾ വരുമ്പോൾ ഭാരങ്ങൾ പെരുകിടുമ്പോൾ
നിന്നെ കാത്തുസൂക്ഷിച്ചൊരു കാന്തനല്ലോ
നിന്റെ ഭാരമെല്ലാം ചുമന്നു

5 ആത്മാവിനാലെ നിറച്ചു ആനന്ദമുള്ളിൽ പകർന്നു
പ്രത്യാശ വർദ്ധിപ്പിച്ചു പാലിച്ചിടും തവ സ്നേഹമതിശയമേ

K.M.